# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)1758/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)1758/23 തീയ്യതി: 14/12/2023

## എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2023 | 22-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ഷർഫുദ്ദീൻ.എസ്.എച്ച്, അസി.ഓഡിറ്റ് ഓഫീസർ
3) ഷൈനി.പി.എം, അസി.ഓഡിറ്റ് ഓഫീസർ
4)സന്തോഷ് കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി കെ ഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി സെറീന പി എ | സെക്രട്ടറി | 01-04-2022 | 03-10-2022 |
| ശ്രീ മനോജ് | സെക്രട്ടറി | 04-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സത്യനാരായണൻ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീമതി ബിനി ഐപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീ ഫിറോസ് മോൻ.എ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ ഡിസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ശ്രീലേഖ ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ഷീജ കെ കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 27-06-2022 |
| ഡോ.നിസരി ജോയ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 28-06-2022 | 31-03-2023 |
| ശ്രീമതി ലളിതാദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രിനിത വി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സൽമ കെ എ | ഹെഡ്മിസ്ട്രസ്, സൗത്ത് വാഴക്കുളം എൽ പി എസ് | 01-04-2022 | 31-03-2023 |
| ശ്രീ രാകേഷ് കെ നായർ | വി ഇ ഒ,വാഴക്കുളം | 01-04-2022 | 21-07-2022 |
| ശ്രീമതി. ഉമൈവാൻ.പി.എ | വി ഇ ഒ,വാഴക്കുളം | 22-07-2022 | 31-03-2023 |
| ശ്രീ വിനോദ്കുമാർ എ ജി | വി ഇ ഒ, മഞ്ഞപ്പെട്ടി | 01-04-2022 | 11-09-2022 |
| ശ്രീമതി. നസീന ടി.എ | വി ഇ ഒ, മഞ്ഞപ്പെട്ടി | 12-09-2022 | 31-03-2023 |
| ശ്രീമതി അനിത കെ | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീ അരുൺ കുമാർ.പി | കൃഷി ഓഫീസർ | 29-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.അജയ് ബാബു.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 08-05-2022 |
| ഡോ.ഉണ്ണികൃഷ്ണൻ.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 09-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | LIFE- KURDFC Loan ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | CFC Grant-ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | KWA യിലേയ്ക്ക് Deposit നല്കിയ തുക ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Income തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-5 |
| 7 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപെൻഷൻ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനതു ഫണ്ട് സമാഹരണം -പൊതുഅവലോകനം | 1-11 |
| 18 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 19 | ലൈസൻസ് ഫീ- അപാകതകൾ | 1-13 |
| 20 | വസ്തുനികുതി-അപാകതകൾ | 1-14 |
| 21 | വസ്തുനികുതി നിർണ്ണയം- അപാകതകൾ | 1-15 |
| 22 | സ്ഥിര നിക്ഷേപം - അപാകതകൾ | 1-16 |
| 23 | ഗ്രാന്റുകൾ വിനിയോഗിക്കുവാൻ അവശേഷിക്കുന്നു | 1-17 |
| 24 | കെ യു ആർ ഡി എഫ് സി - ലോൺ തിരിച്ചടവ് അപാകതകൾ | 1-18 |
| 25 | തനത് ഫണ്ട് വൗച്ചർ- അപാകതകൾ | 1-19 |
| 26 | ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല | 1-20 |
| 27 | അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് അപാകതകൾ | 1-21 |

| | | |
|---|---|---|
| 28 | IKM വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-22 |
| 29 | കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് | 1-23 |
| 30 | ഗ്രാമ കേന്ദ്രം നടത്തിപ്പ്- അപാകതകൾ | 1-24 |
| 31 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-25 |
| 32 | കാഴ്ചയില്ലാത്ത കുട്ടികൾക്ക് ലാപ്ടോപ്പ്- അപാകതകൾ | 1-26 |
| 33 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 34 | കുറ്റിക്കുരുമുളക് വിതരണം -അപാകത | 1-28 |
| 35 | ക്രമീകരിക്കപ്പെടാത്ത ₹1.07 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-29 |
| 36 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല | 1-30 |
| 37 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-31 |
| 38 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-32 |
| 39 | 'ടേക്ക് എ ബ്രേക്ക്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-33 |
| 40 | പൊതു മരാമത്ത് പദ്ധതികളുടെ നടത്തിപ്പ്- പൊതുവായ വിലയിരുത്തൽ | 1-34 |
| 41 | MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ മെറ്റീരിയൽ വിതരണക്കാരന്റെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ്. ഈടാക്കിയില്ല | 1-35 |
| 42 | ക്ഷേമ പെൻഷൻ-അപാകതകൾ | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് രണ്ട് ലക്ഷം രൂപ കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് നല്കിയില്ല. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരങ്ങൾ | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29-07-2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം
തീയതി:14/12/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 LIFE- KURDFC Loan ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

LIFE- KURDFC Loan സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ൽ തുക തിരിച്ചടയ്ക്കാൻ ഇല്ലാത്തതാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക B-5 ഷെഡ്യൂളിൽ ₹6,03,078/- തിരിച്ചടവാക്കുവാൻ ഉള്ളതായി ചേർത്തിരിക്കുന്നു.

### 1-1-3 CFC Grant-ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 KWA യിലേയ്ക്ക് Deposit നല്കിയ തുക ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

KWA യിലേയ്ക്ക് ഡെപ്പോസിറ്റ് നല്കിയ തുക ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-5 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Income തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Income Over Expenditure After Prior Period Items തുക ₹87,80,971/- എന്നതിനു പകരം തെറ്റായി ₹87,10,507/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3499494/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38640335/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 16.03.2022 ലെ 1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | ₹7,01,40,010 |
| വരവ് | ₹33,87,61,436 |
| ആകെ | ₹40,89,01,446 |
| ചെലവ് | ₹39,20,76,600 |
| നീക്കിയിരിപ്പ് | ₹1,68,24,846 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹7,21,05,831.00 |
| വരവ് | ₹8,37,97,868.00 |
| ആകെ | ₹15,59,03,699.00 |
| ചെലവ് | ₹8,02,98,374.00 |
| നീക്കിയിരിപ്പ് | ₹7,56,05,325.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,38,80,780 | 2,38,80,780 | 2,17,72,766 | 0 | 21,08,014 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 78,91,000 | 78,91,000 | 78,91,000 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1,32,984 | 1,32,984 | 1,32,984 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 68,61,000 | 68,61,000 | 44,35,818 | 0 | 24,25,182 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,96,82,000 | 1,96,82,000 | 1,22,19,808 | 0 | 74,62,192 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 21,16,565 | 45,27,761 | 66,44,326 | 41,04,858 | 25,39,468 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 38,49,200 | 68,99,916 | 1,07,49,116 | 44,75,037 | 48,82,668 | 13,91,411 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| ICDS- 320 100 121 | 4,60,771 | 25,79,828 | 30,40,599 | 11,52,031 | 18,88,568 | - |
| മറ്റുള്ളവ LIFE State Share (വിമുക്തിഫണ്ട് ഉൾപ്പെടെ) 320300199 | 15,23,354 | 2,00,000 | 17,23,354 | 3,00,000 | 14,23,354 | - |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| 320 100 115 സാനിറ്റേഷൻ | 41,28,348 | 0 | 41,28,348 | 9,02,136 | 32,26,212 | - |
| ഹെൽത്ത് ഗ്രാന്റ്(diagnostic) | 0 | 5,90,102 | 5,90,102 | 2,93,255 | 296847 | |
| ഹെൽത്ത് ഗ്രാന്റ്(wellness) | 0 | 1,62,208 | 1,62,208 | 118 | 1,62,090 | |
| 320200319 ഖരമാലിന്യ സംസ്കരണം | 15,000 | 30 | 15,030 | 0 | 15,030 | |
| 320400199 ലൈഫ് മിഷൻ – ലക്ഷം വീട് | 11,65,560 | 40250 | 12,05,810 | 11,80,000 | 25,810 | - |
| 320 200 322 ശുചിത്വ മിഷൻ | 10,83,735 | 0 | 10,83,735 | 0 | 10,83,735 | - |

കുറിപ്പ്
1)വികസന ഫണ്ട് (ജനറൽ)- വരവിലും ചെലവിലും ഉൽഭവത്തിൽ കുറവ് ചെയ്ത ₹30,96,526/- ഉൾപ്പെടുന്നു.
2)വികസന ഫണ്ട് (എസ് സി പി)- വരവിലും ചെലവിലും ഉൽഭവത്തിൽ കുറവ് ചെയ്ത ₹11,50,331/- ഉൾപ്പെടുന്നു.
3)വികസന ഫണ്ട് (ടി എസ് പി)- വരവിലും ചെലവിലും ഉൽഭവത്തിൽ കുറവ് ചെയ്ത ₹47,500/- ഉൾപ്പെടുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 18,92,12,168 | 93 | 7,54,88,858 | 117 | 106 | 29.43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,628 | 10,34,729 | 10,36,357 | 10,34,677 | 1,680 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,60,72,650 | 1,60,72,650 | 1,60,72,650 | 0 |
| ആകെ | 1,628 | 1,71,07,379 | 1,71,09,007 | 1,71,07,327 | 1,680 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താ |
|---|---|---|

| | തുക | ക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 32,81,100 | 231 |
| വിധവാപെൻഷൻ | 1,74,54,000 | 1477 |
| വാർദ്ധക്യകാലപെൻഷൻ | 3,21,91,600 | 2735 |
| വികലാംഗപെൻഷൻ | 56,84,400 | 429 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,75,000 | 29 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2023 തീയതിയിൽ 3.00 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 70,469/- യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1. ധാരാളം വ്യവസായ വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വലിയ രീതിയിൽ ശ്രദ്ധ കുറവുള്ളതായി കാണുന്നു. പഴയ കെട്ടിട നമ്പർ അടക്കമുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിക്കുന്നു. പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല. സഞ്ചയയിൽ ചേർത്ത പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല. വസ്തു നികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ കെട്ടിടനിർമ്മാണം നടത്തി വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള അന്വേഷണങ്ങളും പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. 100 ച.മീറ്ററിന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചിട്ടും യഥാർത്ഥ നികുതി നിർണ്ണയിക്കുന്നതിനോ അപാകതകൾ പരിഹരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയം, പിരിവ് സംബന്ധിച്ച് എല്ലാ അപാകതകളിലും വിശദമായ അന്വേഷണം നടത്തി പരിഹരിക്കേണ്ടതാണ്.
2. അനധികൃത കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതും നിയമാനുസൃത നികുതികൾ/ഫീസുകൾ ഈടാക്കേണ്ടതുമാണ്.
3. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമല്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
4. വൌച്ചറുകളും ബിൽ രജിസ്റ്ററുകളും പൂർണ്ണമായ വിവരങ്ങൾ അതായത് വൌച്ചർ നം, പ്രോജക്റ്റ് നം തുടങ്ങിയവ ഉൾപ്പെടെ രേഖപ്പെടുത്തി പരിപാലനം ചെയ്യേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല.
6. നടപ്പാക്കിയിട്ടുള്ള പദ്ധതികളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് ചേർത്തിട്ടില്ലാത്തതിനാൽ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായി നടത്തുന്നുണ്ടോയെന്ന് വ്യക്തമല്ല.
7. മരണ രജിസ്ട്രേഷൻ വിഭാഗവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗവും തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവം മൂലം മരണപ്പെടുന്നവരെ യഥാസമയം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കാതെ വരുകയും പെൻഷൻ തുക ഇവരുടെ മരണശേഷവും ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ആയിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്.
8. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഇൻകംബെൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല.
9.പൊതു ടാപ്പുകളുടെയും തെരുവുവിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.04.2022 | 01.01.2022 മുതൽ 31.03.2022 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2022 | 01.04.2016 മുതൽ 28.02.2022 വരെ | 06.05.2022 |

1-11 തനതു ഫണ്ട് സമാഹരണം -പൊതുഅവലോകനം

തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി പിരിവ്

2022-23 ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് പൂർണ്ണമല്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള വസ്തുനികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട വിഭാഗം | ഡിമാന്റ് | ബാലൻസ് | ബാലൻസ് % |
|---|---|---|---|---|
| 1 | റസിഡൻഷ്യൽ (കറന്റ്) | 3998560 | 1225627 | 30.65 |
| 2 | റസിഡൻഷ്യൽ(അരിയർ) | 4713920 | 2270001 | 48,15 |
| 3 | നോൺ റസിഡൻഷ്യൽ(കറന്റ്) | 11401332 | 2168376 | 19.02 |
| 4 | നോൺ റസിഡൻഷ്യൽ(അരിയർ) | 7150109 | 4079528 | 57.05 |

ആയത് പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

2) വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങിമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

4) സേവന ഉപനികുതി ചുമത്തൽ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യത പഞ്ചായത്ത് ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്.

5) IFTE & OS ലൈസൻസ്

ധാരാളം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ലൈസൻസ് ഫീ പിരിവ് കാര്യക്ഷമമല്ല. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും കൃത്യമായ ലൈസൻസ് ഫീ അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ലൈസൻസ് ഫീ പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-13 ൽ ചേർത്തിട്ടുണ്ട്.

6) വാടക

| ക്രമ നം | കെട്ടിട വിഭാഗം | ഡിമാന്റ് | ബാലൻസ് | ബാലൻസ് % |
|---|---|---|---|---|
| 1 | വാടക-കറന്റ് | 1535822 | 322863 | 21.02 |
| 2 | വാടക- അരിയർ | 768318 | 366580 | 47.77 |

നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള വാടക കെട്ടിടങ്ങളുടെ വാടക പിരിവ് കാര്യക്ഷമമല്ല. കുടിശ്ശിക വാടക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിച്ച് ഇതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും നിയമപരമായ നികുതി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
പഞ്ചായത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്. തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

8) മുൻ റിപ്പോർട്ടുകളിൽ അപാകതകൾ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് നികുതികളും ഫീസുകളും ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച നടപടികളിലൂടെ തനത് വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നപക്ഷം പഞ്ചായത്തിന്റെ തനത് വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

2022-23 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടില്ല. പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി ധനകാര്യ പത്രികയിലെ വരവുമായി റിക്കൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി

A) സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ് തയ്യാറാക്കുകയോ, തൊഴിൽ നികുതി കണക്കാക്കുന്നതിനും ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ഡി & ഒ ലൈസൻസിന് അപേക്ഷിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയും അത് ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ നികുതി വരവ് ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തുന്നില്ല.

എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

B) കുടിശ്ശിക സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിയ്ക്കുകയോ കുടിശ്ശിക നികുതി അടച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

3. മുൻ വർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷം നികുതി പിരിക്കാത്തതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | NIVHSS മാറമ്പിള്ളി |
| 2 | പോസ്റ്റ് മാസ്റ്റർ, മാറമ്പിള്ളി |
| 3 | ICDS |

| | |
|---|---|
| 4 | KSEB |
| 5 | AE LSGD |
| 6 | ലോജിവേയർ സപ്ലൈ ചെയിൻ സൊല്യൂഷൻസ് |
| 7 | NREGS |
| 8 | Police Station തടിയത്ത് പറമ്പ് |
| 9 | ഹോമിയോ ഡിസ്പെൻസറി മഞ്ഞപ്പെട്ടി |
| 10 | FHC വാഴക്കുളം |
| 11 | സോഷ്യൽ ഫോറസ്ട്രി പെരുമ്പാവൂർ |
| 12 | NREGS വാഴക്കുളം ബ്ലോക്ക് ഓഫീസ് |
| 13 | മാറമ്പിള്ളി സർവീസ് സഹകരണ ബാങ്ക് |
| 14 | കാത്തലിക് സിറിയൻ ബാങ്ക് |
| 15 | ബാങ്ക് ഓഫ് ഇൻഡ്യ |
| 16 | സർവീസ് സഹകരണ ബാങ്ക്, വാഴക്കുളം |
| 17 | ഫെഡറൽ ബാങ്ക് |
| 18 | ട്രാൻസ് ഫൈബർ കോൺക്രീറ്റ് ഇൻഡസ്ട്രീസ് |
| 19 | ബി പി സി എൽ ബെസ്റ്റ് സെല്ലേർസ് കൊച്ചിൻ ലിമിറ്റഡ് |
| 20 | മാറമ്പിള്ളി പ്ലൈവുഡ് ഇൻഡസ്ട്രീസ്, മുടിക്കൽ |
| 21 | സോളാർ പ്രോഡക്ട്സ്, മുടിക്കൽ |
| 22 | സൺറൈസ് പ്ലൈവുഡ് ഇൻഡസ്ട്രീസ്, മുടിക്കൽ |
| 23 | ഡയമണ്ട് പോളിമേഴ്സ് |
| 24 | പ്രോകണക്ട് സപ്ലൈ ചെയിൻ സൊല്യൂഷൻ ലിമിറ്റഡ് |
| 25 | GHSS മുടിക്കൽ |
| 26 | KSEB ഇലക്ട്രിക്കൽ ഡിവിഷൻ പെരുമ്പാവൂർ |
| 27 | പ്രോകണക്ട് സപ്ലൈ ചെയിൻ |
| 28 | കുടുംബശ്രീ CDS |
| 29 | പോസ്റ്റ് മാസ്റ്റർ, ആലുവ |
| 30 | റിലയൻസ് ജിയോ പോയിന്റ് സ്റ്റോർ , മാറമ്പിള്ളി |
| 31 | ബ്ലൂസ് ഹോംസ് |
| 32 | എം സ്റ്റോർ പ്രൈവറ്റ് ലിമിറ്റഡ് മുടിക്കൽ |
| 33 | ത്രിവേണി സ്റ്റോർ മുടിക്കൽ |
| 34 | ഹോളി ക്രസന്റ് കോളേജ് |
| 35 | അഡ്കോ ഇൻഡ്യ ലിമിറ്റഡ് |
| 36 | ന്യൂ സ്റ്റാർ പ്ലൈവുഡ് |
| 37 | റിലയൻസ് റീറ്റെയിൽ ലിമിറ്റഡ് വാഴക്കുളം |
| 38 | റിലയൻസ് ജിയോ ഇൻഫോ ലിമിറ്റഡ്. |
| 39 | പാർലേ പ്രോഡക്ട്സ് |
| 40 | ഷഫിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് മാറമ്പിള്ളി | IInd |
| 2 | ബാങ്ക് ഓഫ് ഇൻഡ്യ മാറമ്പിള്ളി | Ist & IInd |
| 3 | എസ് ബി ഐ മുടിക്കൽ | " |
| 4 | കാത്തലിക് സിറിയൻ ബാങ്ക് | II |
| 5 | എസ്.സി.ബി.എസ്. മാറമ്പിള്ളി | I & II |
| 6 | എസ്.സി.ബി.എസ് വാഴക്കുളം | I & II |
| 7 | മുത്തൂറ്റ് ഫിൻ കോർപ്, ചെമ്പറക്കി | I & II |
| 8 | മണപ്പുറം ഫിനാൻസ്, വാഴക്കുളം | I& II |

| | | |
|---|---|---|
| 9 | മണപ്പുറം ഫിനാൻസ്, മുടിയ്ക്കൽ | I & II |
| 10 | മാവേലി സ്റ്റോർ, ചെമ്പറക്കി | I & II |
| 11 | മാവേലി സ്റ്റോർ, മാറമ്പിള്ളി | I & II |
| 12 | മുത്തൂറ്റ് ഫിനാൻസ് മാറമ്പിള്ളി | I & II |
| 13 | സൗത്ത് ഇൻഡ്യൻ ബാങ്ക്, സൗത്ത് വാഴക്കുളം | I & II |
| 14 | ബി.എസ്.എൻ.എൽ, മാറമ്പിള്ളി | I & II |
| 15 | കാത്തലിക് സിറിയക് ബാങ്ക് | II |
| 16 | പി എൻ വൈ സഭ ഫിനാൻസ് | I & II |
| 17 | ഫാബി അസോസിയേറ്റ്സ് | I & II |

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

5. ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യു മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. മുൻ വർഷങ്ങളിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ/ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ / സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം, മഞ്ഞപ്പെട്ടി | I & II |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, മലയിടംതുരുത്ത് | I & II |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം, മാറമ്പിള്ളി | I & II |
| 4 | ക്ഷീരോല്പാദക സഹകരണ സംഘം, സൗത്ത് ഏഴിപ്രം | I & II |
| 5 | ക്ഷീരോല്പാദക സഹകരണ സംഘം, സൗത്ത്, വാഴക്കുളം | I & II |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട് എങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7.ഒന്നിൽ കൂടുതൽ വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം 2018-19 ൽ 53, 2019-20ൽ 16, 2020-21 ൽ 18 എന്നിങ്ങനെ ആകെ സ്ഥാപനങ്ങൾ അഞ്ച് വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. ഈ സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യു ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

8.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടാണ്.

9.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ, കള്ള് ഷോപ്പുകൾ, അസംബ്ലി കെട്ടിടങ്ങൾ എന്നിവയിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
മേൽ വസ്തുതകളിൽ നിന്നും വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 20-11-2023 ലെ ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീ- അപാകതകൾ

1. ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റിക്കൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തുന്ന നടപടി സ്വീകരിക്കുന്നില്ല. പല സ്ഥാപനങ്ങളും പ്രവർത്തനം തുടരാത്തതായി ഉണ്ടെന്നും അപേക്ഷ പുതുക്കുന്ന അവസരത്തിൽ തുക ഫൈനായി ഈടാക്കാറുണ്ട് എന്നുമുള്ള മറുപടി തൃപ്തികരമല്ല. പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളുടെ അന്വേഷണ റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പ്രവർത്തിയ്ക്കുന്നതും അടയ്ക്കാത്തതുമായ സ്ഥാപനങ്ങളുടെ പേര് വർഷാവസാനം കുടിശ്ശിക രജിസ്റ്ററിൽ ചേർത്ത് കുടിശ്ശികയായി രേഖപ്പെടുത്തേണ്ടതുമാണ്.

3. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്ന എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/-, 5000/-, 10000/-, 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പരിശോധനയിൽ 500/-, 1000/-, 2000/-, 3000/-, 4000/-, 5000/- എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. നിലവിൽ മേൽ ഉത്തരവ് അനുസരിച്ചുള്ള നിരക്ക് ഈടാക്കുന്നതായും പഞ്ചായയത്തിന് നഷ്ടമില്ലാത്ത വിധം മുൻകാലങ്ങളിൽ അടവാക്കിയ ഫീസ് ഈടാക്കുന്നതു കൊണ്ടാണ് മേൽ സൂചിപ്പിച്ച് വിവിധ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് എന്നറിയിച്ചു. ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിൽ കൃത്യവും സുതാര്യവുമായ മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്നും നോട്ടീസ് നൽകിയതാണ് എന്നും അറിയിച്ചു. തുടർ നടപടി സ്വീകരിച്ച് കുടിശ്ശികയടക്കം ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

6. എല്ലാ ലൈസൻസ് അപേക്ഷകളിലും സ്ഥാപനങ്ങളുടെ മുലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുകയോ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ, ഈടാക്കുന്ന ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. മുൻവർഷത്തിൽ അടവാക്കിയ ഫീസാണ് ഈടാക്കുന്നത്.

7. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. 2022-23 ൽ 699 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് അപേക്ഷ നൽകിയിട്ടുള്ളത്. ഇതിന് കാരണം പല കെട്ടിടങ്ങളും ഒഴിഞ്ഞു കിടക്കുന്നതാണ് എന്ന മറുപടി തൃപ്തികരമല്ല. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലും പ്രാദേശിക പരിശോധന നടത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിക്കേണ്ടതുമാണ്.

8. ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ കൃത്യത

ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് ഫീസുകൾ, ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

9. ലൈസൻസ് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല. ഇതിനുള്ള വിശദീകരണവും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

10. ലൈസൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

20.11.2023-ലെ 20-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി കൂടി പരിഗണിച്ചുകൊണ്ടുള്ള മേൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി-അപാകതകൾ

1.സഞ്ചയ ഡിമാന്റ് പ്രകാരം വർഷാരംഭത്തിൽ സാംഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനത്തെ സഞ്ചയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാവസാനമാണ് വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നത്. വർഷാരംഭത്തെ സഞ്ചയ ഡിമാന്റനുസരിച്ച് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ തൻവർഷ ഡിമാന്റ് ചേർക്കേണ്ടതും പുതിയ വസ്തുനികുതി നിർണ്ണയം, നികുതി ഒഴിവാക്കൽ, സഞ്ചയ പ്യൂരിഫിക്കേഷൻ, മുതലായവ മൂലം ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ മാറ്റം വരുത്തേണ്ടതുമാണ്. വർഷാവസാനത്തെ സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റ് അനുസരിച്ച് റീകൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാഖ്യാ അക്കൌണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

2.വസ്തു നികുതിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വർഷാവസാനത്തെ സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി സൂക്ഷിയ്ക്കുന്നില്ല. സഞ്ചയ ഡി സി ബി വാർഷിക ധനകാര്യപത്രികയുമായി റിക്കൺസൈൽ ചെയ്ത് ഹാജരാക്കേണ്ടതാണ്.

3. തൻവർഷം വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ , പുതിയ വസ്തുനികുതി നിർണ്ണയം എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. തൻവർഷം വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ അനുവദിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

4. വസ്തു നികുതി ഇനത്തിൽ ₹97,43,532/- കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

5. 2022-23 വർഷത്തെ ധനകാര്യപത്രിക പ്രകാരം പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ ₹5,68,052/- വരവായി ചേർത്തതിന്റ വിശദാംശങ്ങളും ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വരുന്ന തുക ഏതെല്ലാം കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നതും അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 21-11-2023 ലെ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി നൽകിയില്ല. ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഓഡിറ്റ് നിർദ്ദേശം പാലിച്ച് അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി നിർണ്ണയം- അപാകതകൾ

1. പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി

നമ്പർ അനുവദിച്ചിരിക്കുന്നത്. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. തൻ വർഷം വസ്തുനികുതി നിർണ്ണയിച്ച താഴെ ചേർത്ത കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതുപ്രകാരം ഈ കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാൻ അനുസരിച്ച് 5 മീറ്ററിൽ അധികമുള്ള വഴി സൗകര്യം ഉള്ളതായി കാണുന്നു. വസ്തു നികതി നിർണ്ണയിച്ചപ്പോൾ ഈ കെട്ടിടങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യത്തിനുള്ള 20% വർദ്ധന വരുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | വഴിയുടെ വീതി |
|---|---|---|
| 1 | 19/459 F | 8 |
| 2 | 15/502 | 10 |
| 3 | 3/26,A,B,C | 9 |
| 4 | 8/89B | 8 |
| 5 | 16/122C | 8 |
| 6 | 17/127 A | 7 |
| 7 | 10/678 A-F | 12 |

വസ്തു നികുതി പരിഷ്കരിച്ച് അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വർദ്ധിച്ച നികുതി കുടിശ്ശിക അടക്കം ഈടാക്കി അറിയിക്കേണ്ടതാണ്.

3. വസ്തു നികതി നിർണ്ണയവുമായി ബന്ധപ്പെട്ട് വളരെയധികം കെട്ടിടങ്ങൾക്ക് ദ്വിതിയ/ ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%/, 20% ഇളവ് അനുവദിച്ചതായി കാണുന്നു. മേഖല വിഭജനം സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ടതും വസ്തുനികതി നിർണ്ണയം നടത്തുമ്പോൾ മേഖലാ അടിസ്ഥാനത്തിലുള്ള ഇളവുകൾ കൃത്യമായാണ് നൽകുന്നത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി അറിയിക്കേണ്ടതുമാണ്.

4. കെട്ടിട നം 6/339 E, 3/389B, 18/96 J, 5/63A, 9/303A, 2/626A, 14/496 B, 4/376Aഎന്നീ കെട്ടിടങ്ങൾക്ക് 250 $M^2$ ൽ അധികം തറ വിസ്തീർണ്ണമുണ്ടെങ്കിലും ഉയർന്ന തരം തറ നിർമ്മിതിയ്ക്കുള്ള 15% വർദ്ധന വരുത്തിയതായി കാണുന്നില്ല. സ്ഥല പരിശോധന നടത്തി നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5. 2022-23 വർഷം വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിട നം 6/584A, 6/79c, 16/247b-c, 17/712E, 15/222A, 15/405B, 15/447A, B, 13/118L-A3, 7/541A-B, 9/712 A-F, 10/589B, എന്നിവയുടെ ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

22.11.2023-ലെ 32 നമ്പർ അന്വേഷണ കുറിപ്പിന് നൽകിയ മറുപടി കൂടി പരിഗണിച്ചുള്ള മേൽ ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതും ഫയലുകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സ്ഥിര നിക്ഷേപം - അപാകതകൾ

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിരനിക്ഷേപം കൈകാര്യം ചെയ്യുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥിരനിക്ഷേപത്തിന്റെ യഥാർത്ഥവിവരവും അവയിൽ നിന്നുള്ള പലിശവരവും വ്യക്തമല്ല. സ്ഥിര നിക്ഷേപം റസീപ്റ്റുകൾ പ്രകാരം ആകെ 62,77,315/- രൂപയുടെ സ്ഥിര നിക്ഷേപവിവരമാണ് ഹാജരാക്കിയത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 62,97,315/-രൂപയുടെ സ്ഥിര നിക്ഷേപവിവരമാണ് ചേർത്തിട്ടുള്ളത്. വ്യത്യാസം വിശദമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 31/22.11.2023) മറുപടി ഹാജരാക്കിയില്ല. സ്ഥിര നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക ധനകാര്യപത്രികയിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-17 ഗ്രാന്റുകൾ വിനിയോഗിക്കുവാൻ അവശേഷിക്കുന്നു

വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക B-4 ഷെഡ്യൂളിൽ ചില ഗ്രാന്റുകൾ വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഈ ഗ്രാന്റുകൾ പ്രത്യേകാവശ്യങ്ങൾക്ക് ലഭിച്ചതിനാൽ അവ വിനിയോഗിക്കുവാൻ കാലതാമസം നേരിടുന്നത് പരിഹരിക്കേണ്ടതാണ്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് | കോഡ് | തുക |
|---|---|---|---|
| 1 | 320100181 | ടോട്ടൽ സാനിറ്റേഷൻ | 3226212 |
| 2 | 320100198 | ശുചിത്വമിഷൻ | 1083735 |
| 3 | 320100196 | ഐ.സി.ഡി.എസ് | 1888568 |
| 4 | 320300199 | ലൈഫ് സ്റ്റേറ്റ് ഷെയർ | 1423354 |

1-18 കെ യു ആർ ഡി എഫ് സി - ലോൺ തിരിച്ചടവ് അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കെ യു ആർ ഡി എഫ് സി - ലോൺ തിരിച്ചടവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം വർഷം | 95/23 |
| അടങ്കൽ തുക / ഫണ്ട് | 1)₹5,01,972/-(വികസന ഫണ്ട്)<br>2)₹3,96,771/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തീയതി | 1)₹2,49,581/- ചെക്ക് നം 92625 തീ 22.06.2022<br>2)₹23,902/- ചെക്ക് നം 92626 തീ 22.06.2022<br>3)₹2,49,581/- ബിൽ നം 133 തീ 26.9.2022<br>4)₹17,246/- ചെക്ക് നം 93128 തീ 29.9.2022<br>5)₹2,23,924/- ബിൽ നം 222 തീ 22.12.2022<br>6)₹1,63,118/- ചെക്ക് നം 93476 തീ 30.03.2022<br>ആകെ ₹9,27,352/- |

വാഴക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം ₹9,27,352/- കെ യു ആർ ഡി എഫ് സി - ലോൺ തിരിച്ചടവ് നടത്തി ലോൺ പൂർത്തീകരിച്ചിട്ടുള്ളതായി സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക B-5 ഷെഡ്യൂളിൽ ₹6,03,078/- ലോൺ തിരിച്ചടവാക്കുവാൻ ഉള്ളതായി ചേർത്തിട്ടുണ്ട്. കൂടാതെ, ചെലവുരേഖയിൽ ഈയിനത്തിൽ ആകെ ചെലവായി ₹6,53,869/- യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

1-19 തനത് ഫണ്ട് വൗച്ചർ- അപാകതകൾ

1. ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തനത് ഫണ്ട് വൗച്ചറുകളുടെ എണ്ണവും പേയ്മെന്റ് ഓർഡർ ലിസ്റ്റ് പ്രകാരമുള്ള വൗച്ചറുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബിൽ രജിസ്റ്റർ പ്രകാരം 1309 വൗച്ചറുകളും പേയ്മെന്റ് ഓർഡർ ലിസ്റ്റ് പ്രകാരം 1335 വൗച്ചറുകളുമാണുള്ളത്.

2. ബിൽ രജിസ്റ്ററിൽ പേയ്മെന്റ് ഓർഡർ നമ്പറും വൗച്ചർ നമ്പറും രേഖപ്പെടുത്തുന്നില്ല. ക്രമ നം, തീയതി, ചെലവ് ഇനം, തുക, ചെക്ക് നം എന്നീ വിവരങ്ങൾ മാത്രമാണ് ചേർക്കുന്നത്.

3. ക്യാൻസൽ ചെയ്ത പെയ്മെന്റ് ഓർഡറുകളുടേയും ക്യാൻസൽ ചെയ്ത വൗച്ചറുകളുടെയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻവർഷം ക്യാൻസൽ ചെയ്ത പേയ്മെന്റ് ഓർഡറുകളുടെ ലിസ്റ്റും ക്യാൻസൽ ചെയ്ത വൗച്ചറുകളുടെ ലിസ്റ്റും ക്യാൻസൽ ചെയ്തതിനുള്ള കാരണം സഹിതം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21.11.2023 ലെ എൻക്വയറി നം 29-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-20 ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹71000/- ( B-7 Deposit Received)

ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

### 1-21 അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 222/23 |
| അടങ്കൽ തുക / ഫണ്ട് | 1)₹3,00,000/-(വികസന ഫണ്ട്)<br>2)₹2,00,000/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)₹3,00,000/-<br>(ബിൽ നം 321 തീ 9.2.2023)<br>2)₹2,00,000/-<br>(സാങ്ഷൻ ഓർഡർ നം 318 തീ 9.2.2023) |

അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ ₹5,00,000/- കുടുംബശ്രീ ചെയർപേഴ്സണ് നല്കിയിട്ടുണ്ട്. ചെലവു രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം13 തീയതി 20.11.2023 ) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. (ഇതിൽ തനത് ഫണ്ടിൽ നിന്നും ചെലവു ചെയ്ത രണ്ട് ലക്ഷം രൂപയുടെ വിശദാംശം ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല, ചെക്ക് നം -തീയതി വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.) ചെലവു രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ ഖണ്ഡിക 3-1 ലെ നിരാകരിച്ച തുക കഴിച്ചുള്ള തുക ₹3,00,000/-യുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് ₹5,00,000/- നല്കിയതിൽ ₹2,00,000/- കുടുംബശ്രീ ചെയർപേഴ്സന്റെ അക്കൗണ്ടിൽ ലഭിക്കാതിരുന്നത് സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-22 IKM വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | 131/23, IKM വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക / ഫണ്ട് | ₹99,226/- (വികസന ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തീയതി | ₹99,226/-<br>BRN 22120752079200704874 തീയതി 28.10.2022. |

പഞ്ചായത്ത് വിഹിതമായി IKM ന് ₹99,226/- നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹99,226/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-23 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ടിന്റെ നം , പേര് | 102/23, കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
| അടങ്കൽ തുക / ഫണ്ട് | ₹34,110/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം | ₹34,110/- (ചെക്ക് നം 5478059 |

| | |
|---|---|
| തിയതി | തീയതി 17.03.2023. |

കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി രണ്ട് ഗുണഭോക്താക്കൾക്കുള്ള തുക ₹34,110/- സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ ₹34,110/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-24 ഗ്രാമ കേന്ദ്രം നടത്തിപ്പ്- അപാകതകൾ

| | |
|---|---|
| പ്രോജക്ടുകളുടെ നം, പേര് | 1)92/23-ഗ്രാമ കേന്ദ്രത്തിന് ഫർണ്ണീച്ചർ<br>2)290/23-ഗ്രാമ കേന്ദ്രത്തിന് വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 1)92/23<br>2)290/23 |
| അടങ്കൽ തുക / ഫണ്ട് | 1)ഗ്രാമ കേന്ദ്രത്തിന് ഫർണ്ണീച്ചർ -₹93,602/- (തനത് ഫണ്ട്)<br>2)ഗ്രാമ കേന്ദ്രത്തിന് വാടക-₹10,856/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം, തിയതി | 1)₹93,602/- ചെക്ക് നം 93102 തീയതി 12.9.2022<br>2)₹2,390/- ചെക്ക് നം 93117 തീയതി 20.9.2022<br>3)₹2,390/- ചെക്ക് നം 93140 തീയതി 15.10.2022<br>4)₹2,390/- ചെക്ക് നം 93182 തീയതി 17.11.2022<br>5)₹2,390/- ചെക്ക് നം 93409 തീയതി 30.12.2022<br>6)₹2,390/- ചെക്ക് നം 93415 തീയതി 09.01.2023<br>7)₹2,390/- ചെക്ക് നം 93442 തീയതി 15.02.2023<br>8)₹2,390/- ചെക്ക് നം 93476 തീയതി 30.3.2023 |

വാഴക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം ഗ്രാമ കേന്ദ്രം നടത്തിപ്പിനായി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവു ചെയ്തിട്ടുണ്ട്. (1) ഗ്രാമ കേന്ദ്രത്തിലേയ്ക്ക് ഫർണ്ണീച്ചർ ചെലവു തുക : ₹93602/- (2) ഗ്രാമ കേന്ദ്രത്തിന് വാടക ₹10856/-. എന്നാൽ പുതുക്കിയ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിൽ ഗ്രാമ കേന്ദ്രം നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിനായി നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമ കേന്ദ്രത്തിന്റെ വാർഡ് വികസന സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ, വിവിധ മീറ്റിംഗുകൾ ചേർന്നതിന്റെ വിശദാംശം, ഗ്രാമ കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾ, തുടർ നടത്തിപ്പ് വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഗ്രാമ കേന്ദ്രത്തിന് വാടകയിനത്തിൽ ബിൽ രജിസ്റ്റർ പ്രകാരം 16,730/- തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രോജക്റ്റ് ചെലവു രേഖ പ്രകാരം 10,856/-രൂപയാണ് ചെലവു രേഖപ്പെടുത്തിയിട്ടുള്ളത്. വാടക സംബന്ധിച്ച് മുദ്രപത്രത്തിൽ തയ്യാറാക്കിയ എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതും പൊതുജനങ്ങൾക്ക് ഗുണകരമായ രീതിയിൽ പ്രോജക്റ്റ് നിർവ്വഹണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 21.11.2023 ൽ 24 -ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമകേന്ദ്രത്തിന്റെ തുടർനടത്തിപ്പ് വിശദാംശങ്ങളും മേൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് അപാകതകൾക്കും മതിയായ വിശദീകരണം ലഭ്യമാക്കിയില്ല.

1-25 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 5/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 3,00,000/- |
| ബിൽ നമ്പർ | 218/19-12-2022 |

2022-23 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് മേൽ പ്രോജക്റ്റ് പ്രകാരം ആകെ 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും (Order No 07D35/22-23/1 Dt 31-10-22) ഇതുവരെ 118840/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്(ഇൻവോയ്സ് നം LF-767 തീ 31-7-23) 181160/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 20.11.23 ലെ ഓഡിറ്റ് എൻക്വയറി നം.15 ന് ഹോംകോയുമായുള്ള എഗ്രിമെന്റ് പ്രകാരം താമസിയാതെ തന്നെ ലഭിക്കുന്നതാണ് എന്നറിയിച്ചു.

ഹോംകോയുമായി ഏർപ്പെട്ട 05.05.23 ലെ കരാർ പ്രകാരം പണം കൈപ്പറ്റി ഒമ്പത് മാസത്തിനകം മരുന്നുകൾ ലഭ്യമാകാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് ഹോംകോയ്ക്ക് ബാധ്യതയുണ്ട്. മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ 181160/-രൂപ തടസ്സപ്പെടുത്തുന്നു.

1-26 കാഴ്ചയില്ലാത്ത കുട്ടികൾക്ക് ലാപ്ടോപ്പ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S237/23 |
| പ്രോജക്ടിന്റെ പേര് | കാഴ്ചയില്ലാത്ത കുട്ടികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 100000/-<br>(83000/- - വികസന ഫണ്ട് ജനറൽ, 17000/- -തനത് ഫണ്ട്) |
| ചെലവ് | 75580/- (വികസന ഫണ്ട് ജനറൽ) |
| തുക/ബിൽ നം /തീയതി | 75580/- ബിൽ നം -65/ 18.07.2022 |

മേൽ പ്രോജക്ട് പ്രകാരം കാഴ്ചയില്ലാത്ത 2 കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകി. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മറ്റൊരു പ്രോജക്ടായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (ബിരുദ/ബിരുദാനന്തര ബിരുദ/ഡിപ്ലോമ) (S006/23) പ്രകാരം 12 ലാപ്ടോപ്പുകൾ വാങ്ങി. ആകെ 14 ലാപ്ടോപ്പുകൾ ജെം മുഖേന IT പ്രൊഫഷണൽസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ) നം 1237/20/ത.സ്വ.ഭ.വ, തീ.23/06/20 ഉത്തരവ് പ്രകാരം കാഴ്ച പരിമിതർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക്ടോപ്പ്/ ലാപ്ടോപ് കമ്പ്യൂട്ടറുകൾ - പ്രത്യേക സ്പെസിഫിക്കേഷനിൽ ഉള്ളവ CPRCS പോർട്ടലിൽ ലഭ്യമല്ലെങ്കിൽ GEM മുഖേനയോ ഇ-ടെണ്ടർ വാങ്ങി നൽകാൻ അനുമതി നൽകി. എന്നാൽ കാഴ്ച പരിമിതർക്ക് ലഭ്യമാക്കിയ 2 ലാപ്ടോപ്പുകൾ പ്രത്യേക സ്പെസിഫിക്കേഷനിൽ ഉള്ളവ അല്ല. സ്പെസിഫിക്കേഷനിലെ 2 തരം ലാപ്പ്ടോപ്പുകൾ തമ്മിലുള്ള വ്യത്യാസം താഴെ നൽകുന്നു

| ജെം മുഖേന വാങ്ങിയ ലാപ്ടോപ്പ് സ്പെസിഫിക്കേഷൻ | കാഴ്ച പരിമിതർക്ക് ആവശ്യമായ പ്രത്യേക സ്പെസിഫിക്കേഷൻ |
|---|---|
| Processor - Intel I3, 11th Generation Or Higher | Intel I5 8400@3.6 GHZ<br>6 Crores, 9MB L3cache<br>TDP -65W |
| Memory - 4GB DDR4 RAM,Expandable Up To At Least 16 GB | 8GB DDR 4 RAM |
| Hard Disk- 512 GB SSD | 1.0 7200 RPM Or Higher, +240 GB SSD |
| Display Size- 14” | 15.6 Inch |
| Key Board- Integrated Stereo Key Board With Touchpad | Key Board With Numerical Keypad |

ജെം മുഖേന വാങ്ങിയ ലാപ്ടോപ്പ്, സ്പെസിഫിക്കേഷൻ മെമ്മറി, കീബോർഡ് എന്നിവയുമായി മാത്രമേ കാഴ്ച പരിമിതർക്ക് ആവശ്യമായ പ്രത്യേക ലാപ്ടോപ്പ് സ്പെസിഫിക്കേഷൻ പൊരുത്തപ്പെടുന്നുള്ളൂ.

കാഴ്ച പരിമിതർക്ക് ആവശ്യമായ പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പ് വാങ്ങാതെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/18.11.23) ലഭ്യമാക്കിയ മറുപടിയിൽ അഡീഷണൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പ് GEM ലും പൊതുവിപണിയിലും ലഭ്യമായിരുന്നില്ല എന്നും കാഴ്ച പരിമിതരായ പ്രസ്തുത വിദ്യാർത്ഥികൾ സ്വന്തം നിലക്ക് അഡീഷണൽ സ്പെസിഫിക്കേഷൻ അപ്ഗ്രേഡ് ചെയ്തുകൊള്ളാമെന്നും അറിയിച്ചതിനാലാണ് സാധാരണ വിദ്യാർത്ഥികളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് വാങ്ങിയതെന്ന് അറിയിച്ചു.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളിലെ എല്ലാ മാനദണ്ഡങ്ങൾക്കും അനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മാത്രമേ വിഭാവനം ചെയ്ത പദ്ധതിയുടെ പൂർണ്ണഫലം ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ.

1-27 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം (പ്രോജക്ട് നം 96/22)ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക 400000/- രൂപ പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ശാന്തസദാനന്ദൻ,<br>മടത്തിലാകം,കീഴ്മാട്,<br>എടത്തല (പി.ഒ)<br>വാർഡ് നം.18 | 40000/- 12.07.21<br>160000/-31.08.21<br>40000/-13.01.22<br>60000/-22.03.22 |
| | ആകെ | 300000/- |

മേൽ പറഞ്ഞ ഗുണഭോക്താവ് പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/17.11.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് ഡിസംബർ മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിച്ചു. വീട് നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കുറ്റിക്കുരുമുളക് വിതരണം -അപാകത

| | | | |
|---|---|---|---|
| പ്രോജക്ട് നം,പേര് | 193/23<br>കുറ്റിക്കുരുമുളക് വിതരണം | | |
| അടങ്കൽ | ₹20000/,<br>(വികസനഫണ്ട് ജനറൽ) | | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | 403 | 15.03.2023 | ₹20000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ,<br>വാഴക്കുളം ഗ്രാമപഞ്ചായത്ത് | | |

ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് മേൽ പ്രോജക്ട് പ്രകാരം കുറ്റിക്കുരുമുളക് തൈകൾ വാങ്ങി നല്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നിരക്കിലാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ഒരു കുറ്റിക്കുരുമുളക് തൈക്ക് ₹100/- നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ആകെ 200 കുറ്റിക്കുരുമുളക് തൈകൾ വാങ്ങിയിട്ടുണ്ട്.

എന്നാൽ മെമ്പർ സെക്രട്ടറി, എറണാകുളം ജില്ലാ ആസൂത്രണ സമിതിയുടെ 13.07.2022 ലെ 103578/2022 /ഡിപിസി/ഡിപിഒ/ഇകെഎം പ്രകാരമുള്ള 2022-23 വർഷത്തേക്കുള്ള കുറ്റിക്കുരുമുളക് തൈകളുടെ യൂണിറ്റ് കോസ്റ്റ് താഴെ ചേർക്കും പ്രകാരം നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം | അളവ് | യൂണിറ്റ് കോസ്റ്റ് |
|---|---|---|
| 1 | 1 Cutting Cover Size 5x7x1 Ft | ₹50/- |
| 2 | 1 Cutting Cover Size 8x10x1 Ft | ₹75/- |
| 3 | 24x24x40 Cm Grow Bag 2 Month Old | ₹100/- |
| 4 | 24x24x40 Cm Grow Bag 6 Month Old | ₹250/- |

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 27.02.2023 ൽ ലഭ്യമാക്കിയ E-431/22-23 പ്രകാരമുള്ള ഇൻവോയ്സിൽ ₹100/- നിരക്കിലുള്ള 100 തൈകളും 01.03.2023 ൽ ലഭ്യമാക്കിയ E-440/22-23 പ്രകാരമുള്ള ഇൻവോയ്സിൽ ₹100/- നിരക്കിലുള്ള 100 തൈകളും ആണ് വിതരണം ചെയ്തത്. ഈ ഇൻവോയ്സുകളിൽ സപ്ലൈ ചെയ്ത തൈകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. Bush Pepper എന്ന മാത്രമാണ് രേഖപ്പെടുത്തിയത്. ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ള 100/- രൂപയുടെ 24x24x40 Cm Grow Bag 2 Month Old സ്പെസിഫിക്കേഷൻ പ്രകാരമുള്ള കുറ്റിക്കുരുമുളക് തൈകൾ ആണ് നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇൻവോയ്സിൽ സപ്ലൈ ചെയ്ത തൈകളുടെ സ്പെസിഫിക്കേഷൻ എന്താണെന്ന് വ്യക്തമല്ല. തൈകളുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെ തൈകൾ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(20/18.11.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ക്രമീകരിക്കപ്പെടാത്ത ₹1.07 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

2022-23 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുക വിനിയോഗം ചെയ്തിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുക ₹1.07 കോടി രൂപ വിനിയോഗം ചെയ്ത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500202 | ₹3799867 | 0 | 0 | ₹3799867 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| 2017-18 | 9/18,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 21701457/28.3.18 | 3352 |
| 2019-20 | 06/20” | 21901512/19.3.2020 | 498009 |
| 2020-21 | 219/21” | 22001429/12.4.2021 | 188104 |
| “ | 188/21 | 22001435,36,38,/7.5.2020 | 17,92,600 |
| “ | 165/21വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2200282/29.6.2020 | 44756 |
| 2021-22 | 255/22,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22100440/24.8.2022 | 49500 |
| “ | 256/22,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22100441/24.8.2022 | 48144 |
| “ | 257/22,വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100442/24.8.2022 | 23467 |
| “ | 58/22വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22101274/30.3.2022 | 198268 |
| | 173/22,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22101399/31.3.2022 | 48852 |
| “ | 177/22വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22101401/31.3.2022 | 99795 |
| “ | 325/22,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22101405/31.3.2022 | 805020 |
| | ആകെ | | 37,99,867 |

2) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500201 | ₹6970126 | 0 | 0 | ₹6970126 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| 2015-16 | 197/16 എള്ളുവരം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21400906/25.3.2015 | 189975 |
| “ | 211/16 Water Connection To Ayurveda Disoensary | 21400960/30.3.2015 | 7457 |
| 2017-18 | 08/18പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21701051/15.11.2017 | 4,30,000 |
| 1017-18 | 178/18പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21600946/8.5.2018 | 123000 |
| 2017-18 | 54/17 Water Connection | 21800105/24.3.2017 | 10000 |
| 201-22 | 326/22പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22101508/16.2.2022 | 3842000 |
| “ | 126/22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22101218/5.3.22 | 160000 |
| “ | 342/22പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22101406/31.3.20222 | 2207500 |
| | | | 69,69,932 |

വിവിധ പ്രവൃത്തികൾക്കായി ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുക ₹6970126/- എന്നാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത്. വ്യത്യാസം വിശദമാക്കേണ്ടതും കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

വിവിധ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡ്, ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകളിൽ യഥാക്രമം ₹3799867/-, ₹6970126/- (ആകെ₹10769993/-) തുകകൾക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 1-30 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000/- രൂപ, കൂടിയത് 50000/- രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000/- രൂപ, കൂടിയത് 100000/- രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 59/23, വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസ് (S.O.345/22)

| | |
|---|---|
| അടങ്കൽ | ₹350000/- (MG-NR) |
| ചെലവ് | ₹287481/-<br>(Bill No.488/25.03.2023) |
| PAC | ₹311908/- |
| കരാറുകാരൻ | ശ്രീ.അബ്ദുൾ റഹീം.കെ.എ |
| എഗ്രിമെന്റ് നം: | 78/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 27/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 08.03.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹9357/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹9357/- |

2) 67/23, ലക്ഷംവീട് പാലക്കാപറമ്പിൽ റോഡിൽ ഡ്രയിനേജ് നിർമ്മാണം-വാർഡ് 9 (S.O.377/22)

| | |
|---|---|
| അടങ്കൽ | ₹362500/-<br>{332500(CFC)+30000(Own Fund)} |
| ചെലവ് | ₹292460/- -CFC<br>(Bill No.549/28.03.2023) |
| PAC | ₹323595/- |
| കരാറുകാരൻ | ശ്രീ.സുധീഷ്.വി |
| എഗ്രിമെന്റ് നം: | 94/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 192/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 13.03.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹9708/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹9708/- |

3)86/23, പാലക്കാട്ടുതാഴം-പൊന്നിടാംചിറ തോട് സൈഡ് കെട്ടി സംരക്ഷണം (S.O.388/22)

| | |
|---|---|
| അടങ്കൽ | ₹208570/- (CFC) |
| ചെലവ് | ₹208537/- (Bill No.438/21.03.2023) |
| PAC | ₹186223/- |
| കരാറുകാരൻ | ശ്രീ.ഖാദിർകുഞ്ഞ്.എ.എസ് |
| എഗ്രിമെന്റ് നം: | 89/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 43/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 02.03.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹5587/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹5587/- |

4) 61/23, ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് (348/22)

| | |
|---|---|
| അടങ്കൽ | ₹301660/- (MG-NR) |
| ചെലവ് | ₹217922/- (Bill No.482/25.03.2023) |
| PAC | ₹269339/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 83/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 24/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |

| | |
|---|---|
| പൂർത്തീകരിച്ച തിയതി | 06.03.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹8080/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹8080/- |

5) 68/23, ഡ്രൈനേജ് വൃത്തിയാക്കൽ വാർഡ് 4,5 (S.O.378/22)

| | |
|---|---|
| അടങ്കൽ | ₹88000/- {80000-CFC, 8000-Own Fund} |
| ചെലവ് | ₹73024/- (Bill No.228/22.12.2022-76696) |
| PAC | ₹78093/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 84/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 37/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 11.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹1000/- (1% Of PAC Or Minimum₹1000) |
| ആകെ ഈടാക്കേണ്ട തുക | ₹1000/- |

6) 83/23, ഡ്രൈനേജ് വൃത്തിയാക്കൽ വാർഡ് 7,8 (S.O.383/22)

| | |
|---|---|
| അടങ്കൽ | ₹88000/- {80000-CFC, 8000-Own Fund} |
| ചെലവ് | ₹72063/- (Bill No.225/22.12.2022) |
| PAC | ₹78093/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 85/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 38/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 10.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹1000/- (1% Of PAC Or Minimum₹1000) |
| ആകെ ഈടാക്കേണ്ട തുക | ₹1000/- |

7) 58/23, ഹെൽത്ത് സെന്റർ സബ് സെന്റർ മെയിന്റനൻസ് (S.O.343/22)

| | |
|---|---|
| അടങ്കൽ | ₹450000/- (MG-NR) |
| ചെലവ് | ₹354871/- (Bill No.226/22.12.2022) |
| PAC | ₹451698/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 82/AE/VZKM/2021-22/31.03.2022 |
| അളവു പുസ്തകം നം. | 28/2022-23 |

| | |
|---|---|
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 14.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹4517/- (1% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹4517/- |

8) 69/23, ഡ്രെയിനേജ് വൃത്തിയാക്കൽ വാർഡ് 1,2 (S.O.379/22)

| | |
|---|---|
| അടങ്കൽ | ₹88000/- {80000-CFC, 8000-Own Fund} |
| ചെലവ് | ₹70996/- (Bill No.229/22.12.2022) |
| PAC | ₹78259/- |
| കരാറുകാരൻ | സെക്രട്ടറി, ചെമ്പറക്കി ലേബർ കോൺട്രാക്ക് സൊസൈറ്റി |
| എഗ്രിമെന്റ് നം: | 02/AE/VZKM/2022-23/26.04.2022 |
| അളവു പുസ്തകം നം. | 36/2022-23 |
| പൂർത്തീകരണ കാലാവധി | 25.10.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 09.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹1000/- (1% Of PAC Or Minimum₹1000) |
| ആകെ ഈടാക്കേണ്ട തുക | ₹1000/- |

9) 72/23, ഡ്രെയിനേജ് വൃത്തിയാക്കൽ വാർഡ് 1,2 (S.O.379/22)

| | |
|---|---|
| അടങ്കൽ | ₹88000/- {80000-CFC, 8000-Own Fund} |
| ചെലവ് | ₹86549/- {Bill No.224/22.12.2022-80000, Voucher No. --6549 (Own Fund)} |
| PAC | ₹78474/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 86/AE/VZKM/2022-23/31.03.2022 |
| അളവു പുസ്തകം നം. | 40/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 10.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹1000/- (1% Of PAC Or Minimum₹1000) |
| ആകെ ഈടാക്കേണ്ട തുക | ₹1000/- |

10) 71/23, ഡ്രെയിനേജ് വൃത്തിയാക്കൽ വാർഡ് 16,17.18 (S.O.382/22)

| | |
|---|---|
| അടങ്കൽ | ₹132000/- {120000-CFC, 12000-Own Fund} |
| ചെലവ് | ₹44657/- {Bill No.244/03.01.2023} |
| PAC | ₹117707/- |
| കരാറുകാരൻ | സെക്രട്ടറി, ചെമ്പറക്കി ലേബർ കോൺട്രാക്ക് സൊസൈറ്റി |
| എഗ്രിമെന്റ് നം: | 04/AE/VZKM/2022-23/26.04.2022 |
| അളവു പുസ്തകം നം. | 44/2022-23 |

| | |
|---|---|
| പൂർത്തീകരണ കാലാവധി | 25.10.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 09.11.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹1177/- (1% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹1177/- |

11) 85/23, ഡ്രെയിനേജ് വൃത്തിയാക്കൽ വാർഡ് 9,10 (S.O.386/22)

| | |
|---|---|
| അടങ്കൽ | ₹88000/- {80000-CFC, 8000-Own Fund} |
| ചെലവ് | ₹84352/- {Bill No.271/20.01.2023-80000, Voucher No. --4352 (Own Fund)} |
| PAC | ₹78534/- |
| കരാറുകാരൻ | ശ്രീ.ഷാജഹാൻ.എ.എസ് |
| എഗ്രിമെന്റ് നം: | 87/AE/VZKM/2022-23/31.03.2022 |
| അളവു പുസ്തകം നം. | 39/2022-23 |
| പൂർത്തീകരണ കാലാവധി | 30.09.2022 (TS പ്രകാരം) |
| പൂർത്തീകരിച്ച തിയതി | 07.12.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹3000/- (3% Of PAC Or Minimum ₹3000) |
| ആകെ ഈടാക്കേണ്ട തുക | ₹3000/- |

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/20.11.2023)ക്ക് മറുപടി ലഭ്യമാക്കിയത് തൃപ്തികരമല്ല. ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 45426/-രൂപ (ക്രമ നം.1 മുതൽ 11 വരെ) ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ വാഴക്കുളം മുടിക്കൽ SBI-ൽ ആരംഭിച്ചിട്ടുള്ള 38025119133 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.03.2023 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ നീക്കിയിരിപ്പ് 246104/- രൂപയാണ്. ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അതാത് സാമ്പത്തിക വർഷം തന്നെ അടവാക്കേണ്ടതാണ്.

ടെണ്ടർ ഫീസിനത്തിൽ 31.03.2023 വരെ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/20.11.2023) മറുപടിയായി തുക ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന്

അടവാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 34/2023, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 60000/-( തനതു ഫണ്ട്) |
| ചെലവ് | ₹45420/-<br>(Bill No.& Date<br>127/13.09.2022-9084<br>255/11.01.2023-16654<br>620/31.03.2023-7570<br>621/31.03.2023-12112) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് 3000/- രൂപ വീതം ആകെ 20 വാർഡിന് 60,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു.

ഈ പ്രവൃത്തിക്കായി തൻവർഷം ചെലവഴിച്ച ₹45420/- ഇതിലേക്കായി നിയോഗിക്കപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പൂർത്തീകരണ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (21/20.11.2023)ക്ക് മറുപടിയായി നിലവിൽ KSREC വികസിപ്പിച്ച R-Track Mobile App ൽ നിരവധി തെറ്റുകൾ ഉള്ളതിനാൽ First Stage സർവ്വെ മാത്രമാണ് പൂർത്തീകരിച്ചത് എന്നും, തെറ്റുകൾ പരിഹരിച്ച് App KSREC യിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ മുഴുവൻ നടത്തി റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 'ടേക്ക് എ ബ്രേക്ക്'- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രൊ.നം.53/23- പൊതു കമ്മ്യൂണിറ്റി ഹാളിന് ടോയ്‌ലെറ്റ് സമുച്ചയം (ടേക്ക് എ ബ്രേക്ക്) S.O.328/22
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

അടങ്കൽ - ₹500000/-രൂപ (കേന്ദ്ര ഫണ്ട്-TSC)

ചെലവ്- ₹413699/- - (Cheque No.059395/11.05.2022-398886, KCWWF-3694, GST-7388, IT-3694, Service Charge-37)

സ.ഉ(കൈ)നം.39/2020/LSGD തീയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തീയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്പിൽ ഓവറായി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ട് പ്രകാരം 3 ശുചിമുറികളുള്ള സമുച്ചയം നിർമ്മിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിലാണ്. എന്നാൽ"ടേക്ക് എ ബ്രേക്ക്" സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ദേശീയ-സംസ്ഥാനപാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവയിലാണ് ശുചിമുറികൾ നിർമ്മിക്കേണ്ടത് എന്ന് പറയുന്നുണ്ട്.

ടേക് എ ബ്രേക്ക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്ന മേൽ പറഞ്ഞ സ്ഥലങ്ങളിലാണ് നിർമ്മിക്കേണ്ടത്. ആയതിനു വിരുദ്ധമായി TSC ഫണ്ട് ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ നിർമ്മിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിർമ്മിച്ച ശുചിമുറിയ്ക്ക് നാളിതുവരെയും ഇലക്ട്രിഫിക്കേഷനും നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 28/21-11-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ടേക്ക് എ ബ്രേക്ക് ശുചിമുറികൾ നിർമ്മിച്ച സ്ഥലം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവു തുക (₹413699/-) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 പൊതു മരാമത്ത് പദ്ധതികളുടെ നടത്തിപ്പ്- പൊതുവായ വിലയിരുത്തൽ

### എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 178 മരാമത്ത് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമാക്കിയതിൽ 106 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 6,00,82,314/- രൂപയിൽ 2,58,34,507/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം വകയിരുത്തിയ തുകയുടെ 43% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

മുൻവർഷത്തെ 50 പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും ആയതിൽ നടപ്പിലാക്കിയ 39 പ്രവൃത്തികൾക്ക് തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തീയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

### ബി. രേഖകളുടെ സൂക്ഷിപ്പ്

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം നം./തീയതി എഴുതുന്നില്ല.

3. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

4. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

### സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.84/2022/തസ്വഭവ, തീയതി.19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
(മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/21.11.2023) മറുപടി ലഭ്യമാക്കിയില്ല.)

## 1-35 MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ മെറ്റീരിയൽ വിതരണക്കാരന്റെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ്. ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കിയത് സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

2022-23 ൽ മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന്മേൽ ജി.എസ്.ടി ടി.ഡി.എസ് നടത്താതെ അനുവദിച്ച

തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ലൈ ചെയ്ത മെറ്റീരിയൽസിന്റെ വില (₹) | മെറ്റീരിയൽ സപ്ലൈ ചെയ്ത വ്യക്തിയുടെ പേര് |
|---|---|---|---|
| 1 | ചീരേക്കാട്ടിൽ റോഡ് വിരിക്കൽ വാർഡ്-6 | 361170 | സുധീഷ് |
| 2 | അംഗൻവാടി മാങ്കുളം റോഡ് കട്ട വിരിക്കൽ വാർഡ് 15 | 398055 | ബിനോയ് പി.ടി |
| 3 | കല്ലേലിപാടം കാന നിർമ്മാണം വാർഡ് 14 | 278540 | അസ്ഹർ സി.ഐ |
| 4 | കോച്ചേരിക്കടി ഭാഗം മെനർ ഇറിഗേഷൻ ഭാഗം സൈഡ് കെട്ടി സ്ലാബിട്ട് റോഡ് പൂർത്തീകരിക്കൽ വാർഡ് 4 | 355262 | മനോജ്കുമാർ. പി.എസ് |
| 5 | തുപ്പിക്കടി റോഡ് ടൈൽ വിരിക്കൽ വാർഡ് 12 | 372544 | |
| 6 | ആശാരിപറമ്പ് റോഡ് നിർമ്മാണവും സൈഡ് കെട്ടും വാർഡ് 9 | 325205 | |
| 7 | അരിമ്പശ്ശേരി റോഡ് നിർമ്മാണം 13 | 365702 | |

2022-23 വർഷത്തിൽ വിതരണക്കാരന് അനുവദിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ മേൽ ബില്ലിൽ നിന്നും GST സോഴ്സിൽ തന്നെ 2% കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.30/21.11.2023) നൽകിയതിന് പ്രവൃത്തികളുടെ ടി.ഡി.എസ് ഒടുക്കുന്നതിന് വെണ്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഹാജരാക്കിയിട്ടുള്ള ബില്ലിൽ ജി.എസ്.ടി ടി.ഡി.എസ്. ഈടാക്കുന്നതിനും, കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി വിതരണക്കാരൻ ജി.എസ്.ടി ഒടുക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 ക്ഷേമ പെൻഷൻ-അപാകതകൾ

1. ക്ഷേമ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കൃത്യമായി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സൂക്ഷിക്കുന്ന എന്ന ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

2 ഓരോ പിരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. 2022-23 ലെ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സേവനപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെത്തുടർന്ന് പെൻഷൻവിതരണം അവസാനിപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | സതി 106500600592 | 13.07.2022 വാർധക്യ പെൻഷൻ | 11/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-2-23. മരണ ശേഷം |

| | | | | |
|---|---|---|---|---|
| | | | | നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 2 | ഗോപാലൻ നായർ 106500201142 | 2.10.2022 വാർധക്യ പെൻഷൻ | 11/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-2-23.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 3 | കാർത്തു 106500100600 | 10-7-2022 കർഷക തൊഴിലാളി പെൻഷൻ | 09/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-10-22.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 4 | നബീസ 106500600989 | 30-6-2022 വാർധക്യ പെൻഷൻ | 09/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-10-22.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 5 | സരസ്വതി അമ്മ 106500100335 | 14-07-2022. കർഷക തൊഴിലാളി പെൻഷൻ | 06/20223വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 13-11-23.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 6 | പാത്തുമ്മ 106500600940 | 27-7-2022. വാർധക്യ പെൻഷൻ | 09/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-10-22.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 7 | പരീതുമ്മ സുലൈമാൻ 106500600241 | 27-4-2019. വാർധക്യ പെൻഷൻ | 09/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-10-22.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 8 | ഖദീജ ഹൈദ്രോസ് 106500200744 | 2-5-2019 വാർധക്യ പെൻഷൻ | 09/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | സസ്പെൻഡ് ചെയ്ത തീയതി 10-10-22.<br>മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |

മേൽ ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. മരണപ്പെടുന്നവരുടെ പെൻഷൻ യഥാസമയത്തു തന്നെ റദ്ദു ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിച്ചതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന കേസുകളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. മറ്റ തദ്ദേശസ്ഥാപനങ്ങളിലെ താമസക്കാരുടെ മരണം ഈ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യുമ്പോൾ അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് വിവരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 20-11-23 ലെ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദ്ദേശം പാലിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് രണ്ട് ലക്ഷം രൂപ കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക നല്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 222/23 |
| അടങ്കൽ തുക / ഫണ്ട് | 1)₹300000 (വികസന ഫണ്ട്)<br>2)₹200000 (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)₹300000 ബിൽ നം 321 തീയതി 9.2.2023<br>2)₹200000 (സാങ്ഷൻഓർഡർ/പ്രൊസീഡിംഗ്സ് നം 318 തീ. 9.2.2023 ) |

അഗതി രഹിത കേരളം - ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ അഞ്ച് ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കുടുംബശ്രീ ചെയർപേഴ്സണ് നല്കിയിട്ടുണ്ട്. ചെലവു രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം13 തി20.11.2023 ) മറുപടിയായി ഹാജരാക്കിയ ബാങ്ക് അക്കൗണ്ട് നം.857010110006818 (Vazhakulam Kudumbasree DFX, Sushma എന്നിവരുടെ പേരിലുള്ളത്) മൂന്ന് ലക്ഷം രൂപ മാത്രമാണ് ക്രെഡിറ്റ് ആയിട്ടുള്ളൂ എന്ന് അറിയിച്ചു. അഞ്ച് ലക്ഷം രൂപ പ്രോജക്റ്റ് മുഖേന നല്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കുകയോ ചെലവു രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. (ഇതിൽ രണ്ട് ലക്ഷം രൂപ തനത് ഫണ്ട് ചെലവു ചെയ്ത വിശദാംശം ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല . ബിൽ രജിസ്റ്റർ അപൂർണ്ണമാണ്. ചെക്ക് നം, തീയതി വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല) പ്രൊസീഡിംഗ്സ് നം, തീയതി എന്നിവ മാത്രമാണ് ലഭ്യമാക്കിയത്. ചെലവു രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാലും കുടുംബശ്രീ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യാതിരുന്നതിനാലും ₹2,00,000/- ചെലവു ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കൈപ്പറ്റിയത്

സംബന്ധിച്ച് അന്വേഷണം നടത്തി വ്യക്തമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്ത പക്ഷം ₹2,00,000/- ചെലവ് ചെയ്ത സെക്രട്ടറി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 45,00,00/- | ലൈഫ് ഭൂരഹിതർക്ക് ഭൂമിവാങ്ങൽ (ജനറൽ)(209 /23) | 45,00,00/ | |
| | 2022-23 | 1,00,00,00/- | ലൈഫ് പദ്ധതി പ്രകാരം മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥലം വാങ്ങിയവർക്ക്ഭവന നിർമ്മാണത്തിനുള്ള ധനസഹായം ( 299/23) | 1,00,00,00/- | |
| | 2022-23 | 9,67,033/- | ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി വിഭാഗം)( 219/23) | 9,67,033/- | |
| | 2022-23 | 7,00,000/- | ലൈഫ്ഭവന നിർമ്മാണം(ജനറൽ)(190/23) | 7,00,000/- | |
| | 2022-23 | 7,47,580/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(96/23) | 7,47,580/- | |
| | 2022-23 | 85,609/- | പാലിന് സബ്സിഡി (228/23) | 85,609/- | |
| | 2022-23 | 50,000/- | അതിദരിദ്ര്യരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട് മെയിന്റനൻസ് (332/23) | 50,000/- | |
| | | 40,00,222/ - | ആകെ | 40,00,222/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,60,000/- | ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി വിഭാഗം)( 219/23) | 1,60,000/- | |
| | 2022-23 | 6,90,000/- | വിജയഭേരി സ്കോളർഷിപ്പ് (365/23) | 6,90,000/- | |
| | 2022-23 | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(96/23) | 2,50,000/- | |
| | ആകെ | 11,00,000/- | | 11,00,000/- | |

.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനായി തൻവർഷം തുകയൊന്നും നല്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ-വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ – ലൈഫ്* | സർക്കാർ കത്ത് 63430/ ഡി ബി/13/ ത സ്വ ഭ വ തീ 25.10.2013 | 0 | 893807 | 893807 | 0 | ഫയൽ പ്രകാരം 927352/-രൂപ മുതലും പലിശയും ഉൾപ്പെടെ തിരിച്ചടവ് നടത്തിയിട്ടുണ്ട്. |
| HUDCO ഭവന വായ്പ – ലൈഫ് | | 0 | 8601401 | 2673757** | 0 | 5927644 |

*വാർഷിക ധനകാര്യപത്രിക പ്രകാരം KURDFC ലോൺ നീക്കിയിരുപ്പായി 603078/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം ലോൺ അടയ്ക്കാൻ ബാക്കി ഇല്ലാത്തതാണ്. അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ ലോൺ അടവിന്റെ അപാകത സംബന്ധിച്ച് ഖ.1-18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

** ജി.ഒ പ്രോജക്ട് മുഖേന നടത്തിയ തിരിച്ചടവ്

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹5928061 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹369254 |
| ആകെ | ₹6297315 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹6297315 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
(സ്ഥിരനിക്ഷേപത്തിന്റെ രസീതും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.)

| ക്രമ നം | ബാങ്കിന്റെ പേര് | FD നംപർ | തുക (₹) |
|---|---|---|---|
| 1 | എറണാകുളം കോ-ഓപ്പറേറ്റീവ് ബാങ്ക് ഈവനിംഗ് ബ്രാഞ്ച് | 144418802000013 | 770783/- |
| 2 | " | 144418802000024 | 1450009/- |
| 3 | എറണാകുളം കോ-ഓപ്പറേറ്റീവ് ബാങ്ക് -മെയിൻ ബ്രാഞ്ച് | 144518802000013 | 726682/- |
| 4 | " | 144518802000023 | 939389/- |
| 5 | " | 144518802000034 | 928660/- |
| 6 | " | 144518802000041 | 456993/- |
| 7 | " | 144518802000058 | 250047/- |
| 8 | " | 144518802000067 | 754752/- |

| | | | |
|---|---|---|---|
| | | ആകെ | 62,77,315/- |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 180/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുക Prior Period Income എന്ന ഹെഡ്ഡിലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2000-2001 | 27 | 180.00 | എസ്.എസ് ശിവപ്രസാദ് | 1220202530/24.08.2022 |
| | | 180.00 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം-ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ-പി.എച്ച്.സി.,വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകരണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമസഭാ സമിതി തെളിവെടുപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ നിലവിൽ ഇല്ല. |

4-9 ചാർജ് സർച്ചാർജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹83797868.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹80298374.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹200000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1028195 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹200000/- | ശ്രീ.മനോജ്, സെക്രട്ടറി |
| ആകെ തുക | | ₹200000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | ₹300000 | ശ്രീ.മനോജ്,സെക്രട്ടറി |
| 1-22 | ₹99226 | ശ്രീ.മനോജ്,സെക്രട്ടറി |
| 1-23 | ₹34110 | ശ്രീമതി.ലളിതാദേവി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-25 | ₹181160 | ഡോ. ശ്രീലേഖ ടി., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-33 | ₹413699 | ശ്രീ ഫിറോസ് മോൻ.എ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹1028195 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്, സെക്രട്ടറി | സെക്രട്ടറി, വാഴക്കുളം ഗ്രാമപഞ്ചായത്ത് | അജിത്ത് ഭവൻ, മന്നാടി പി.ഒ, പത്തനംതിട്ട |
| ശ്രീമതി.ലളിതാദേവി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വാഴക്കുളം ഗ്രാമപഞ്ചായത്ത് | മുല്ലേത്ത് ഹൗസ്, കുവപ്പടി പി ഒ, വയമുറി |
| ശ്രീ.ഫിറോസ് മോൻ.എ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വാഴക്കുളം ഗ്രാമപഞ്ചായത്ത് | വാടിനർ10/354, KMEA Street, എടത്തല പി ഒ |
| ഡോ. ശ്രീലേഖ ടി. മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ | ചന്ദ്രകാന്തം, PRA 162, പൂവമ്പിള്ളി റോഡ്, എളമക്കര പി.ഒ. കൊച്ചി – 682026 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ.04.04.2016 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(ii)/18/ 25.05.19 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.2016 |
| 2000-01 | |
| 2001-02(പ്ലാൻ) | |
| 2001-02 (നോൺ പ്ലാൻ) | എൽ.എഫ്.ഇ.(പി5)1545808 തീയതി 09.01.09 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീയതി 04.04.16 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(iv)/18 തീ.25.05.19 |
| 2004-05 | |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.16 |
| 2006-07 | |

| | |
|---|---|
| 2007-08 | എൽ.എഫ്.ഇ.(പി5)1296/09/16.03.10 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(v)/18 തീ.25.05.19 |
| 2009-10,10-11 | എൽ.എഫ്.ഇ.(പി5)5/13 തീ. 01.03.13 |
| 2011-12 | എൽ.എഫ്.ഇ.(പി5)214/14 തീ. 05.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി5)11/15 തീ. 12.04.16 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.(പി5)924/16 തീ.31.05.17 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി5)1733/16 തീ.04.02.17 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി5)654/17 തീ.06.01.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി5)1594/17 തീ.19.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി5)2163/18 തീ.04.12.18/ 05.07.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി5)1684/2019 തീ. 2.11.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1375/21 തീ. 10.11.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1376/21 തീ. 10.01.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1606/22 തീ. 07.11.2022 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vazhakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vazhakkulam Grama Panchayat for the year 2022-2023

Date: 14/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vazhakkulam Grama Panchayat for the Year 2022-2023.

**1.Major Observations**

1)Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2)Lack of Panchayath Raj Budget rules adversely affecting budgetary control system.

3)The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4)Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Accounts.
2.LIFE- KURDFC loan closing balance does not match with the Annual Financial Statement.
3.Finance Commission Grant expenditure does not match with Appropriation Control Register.
4.KWA deposit amount does not match with Annual Financial Statement.
5. Gross income as per Income & Expenditure Account is not correct.
6.Cash Flow statement is not accurate.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്